കൊവിഡനന്തരകാലത്തെ നിർമിതികൾ- രൂപകല്പന

1 ഡിസംബർ 2020

വില ₹ 25

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം



## സ്പോർട്സിന്റെ സാംസ്കാരിക പൈതൃകം

ഭാഷയിൽ കവിതയുടെ ജീവിതം

മാതൃഭാഷയും വിദ്യാഭ്യാസവും

ISSN 2349-1051



എൻ.വി. കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

1 ഡിസംബർ 2020 വാല്യം 52 ലക്കം 12 വില ₹ 25

മാതൃഭാഷയും വിദ്യാഭ്യാസവും
ആർ. സുരേഷ് കുമാർ 06



ഫലകചലന സിദ്ധാന്തം
അമ്പതാണ്ട് പിന്നിടുമ്പോൾ
ഡോ. പി.എസ്. സുനിൽ 74



ഭാഷയിൽ
കവിതയുടെ ജീവിതം
ഡോ.എ.എം. ഉണ്ണിക്കൃഷ്ണൻ 15



കരിങ്കൽ ഖനനം
പ്രവർത്തനാനുമതിയും
ഖനനാനന്തര
ഉത്തരവാദിത്തങ്ങളും
ഇ.വി. മനോജ് 11

ഉൽപ്പാദനം, അധ്വാനം, മൂല്യം;
വിപരീത ദിശകളിലെ
ഭൗതിക-സമ്പദ്ശാസ്ത്ര നിയമങ്ങൾ
കെ. സഹദേവൻ 20

കൊവിഡനന്തരകാലത്തെ
നിർമിതികൾ - രൂപകല്പന
ജി.ബി. ഹരീന്ദ്രനാഥ് 30

രസതന്ത്രത്തിനുള്ള
2020-ലെ നൊബേൽ
സമ്മാനാർഹർ
ഡോ. എം.എസ്. സുശീലൻ 35

നിറങ്ങളുടെ രസതന്ത്രം
ഡോ. സലാഹുദ്ദീൻ കുഞ്ഞ് 37

സ്പോർട്സിന്റെ
സാംസ്കാരിക പൈതൃകം
ഡോ. സോണി ജോൺ താണിക്കൽ 42

പി.കെ കരിയൻ
ഗോത്ര സംസ്കാരത്തിന്റെയും
സ്വത്വത്തിന്റെയും പ്രതിനിധാനം
ഡോ. ശഫീഖ് വഴിപ്പാറ 50

ഫ്രാൻസിസ് ഇട്ടിക്കോരയും
പുതിയ ലോകക്രമവും
ഡോ. ഷിജൂഖാൻ 54

പത്മനാഭപുരം കൊട്ടാരം
ഡോ. എം.ജി. ശശിഭൂഷൺ 56

പ്രാദേശികചരിത്രം
വഴിയും പൊരുളും
സിനി ജി.പി. 62

നൂതന ഭാഷാസാങ്കേതിക
വിദ്യയിൽ മലയാള ഭാഷയുടെ
വെല്ലുവിളി
ഡോ. ബനീഷ് എൻ. 66

വേരുകളിലേക്കുള്ള മടക്കങ്ങൾ,
വേരുകളിൽനിന്നുള്ള തുടക്കങ്ങൾ
ഡോ. എസ്. നസീബ് 70

നളചരിതം കിളിപ്പാട്ടും
നളചരിതം ആട്ടക്കഥയും
നൈഷധീയ മഹാകാവ്യവും
ഒരു താരതമ്യ പഠനം
ഡോ. സാറാമ്മ വർഗീസ് 80

വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല.

എഡിറ്റർ

**ചീഫ് എഡിറ്റർ**
പ്രൊഫ. വി. കാർത്തികേയൻ നായർ

**എഡിറ്റർ**
ജി.ബി ഹരീന്ദ്രനാഥ്

**സബ് എഡിറ്റർ**
അശ്വിൻ കൃഷ്ണ ആർ.

**പത്രാധിപസമിതി**
ഡോ. ഷിബു ശ്രീധർ
എൻ. ജയകൃഷ്ണൻ
കെ.ആർ. സരിതകുമാരി
ഡോ. റ്റി. ഗംഗ
റാഫി പൂക്കോം
ശ്രീകല ചിങ്ങോലി
വിദ്യ എസ്.
അനുപമ ജെ.

**സർക്കുലേഷൻ മാനേജർ**
എൻ.ഐ. അനിൽകുമാർ 9447762255

**ടൈപ്പ് സെറ്റ് & ലേ-ഔട്ട്**
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14


**കവർ ഡിസൈൻ**
നാരായണ ഭട്ടതിരി

**സ്റ്റേറ്റ് പ്രൊമോട്ടർ**
മടന്തകോട് രാധാകൃഷ്ണൻ 9497755727

ചീഫ് എഡിറ്റർ :0471 2316306
എഡിറ്റർ : 8547071569

ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
പ്രാദേശിക കേന്ദ്രം, കോഴിക്കോട് : 0495 2366124




# പി.കെ കരിയൻ

## ഗോത്ര സംസ്കാരത്തിന്റെയും സ്വത്വത്തിന്റെയും പ്രതിനിധാനം

**ഡോ. ശഫീഖ് വഴിപ്പാറ**

വയനാട്ടിലെ വിവിധ ആദിവാസി വിഭാഗങ്ങളിൽ പലരീതിയിലുള്ള കലകൾ പ്രചാരത്തിലുണ്ടെങ്കിലും അവയിൽ ഗോത്രച്ചുറ്റുപാടുകൾക്കപ്പുറം കൂടുതൽ പ്രസിദ്ധി നേടിയ അനുഷ്ഠാന കലയായ റാവുള/അടിയ വിഭാഗത്തിന്റെ ഗദ്ദികയുടെ പ്രചാരത്തിലും ജനകീയതയിലും വലിയ പങ്ക് വഹിക്കുകയും കേരളത്തിലെ ആദ്യ ആദിവാസി-നക്സലൈറ്റ് രാഷ്ട്രീയ തടവുകാരിൽ ഒരാളാവുകയും ചെയ്ത വ്യക്തിയാണ് പി.കെ കരിയൻ (1951-2020).

പൊതുസാംസ്കാരിക-രാഷ്ട്രീയ മണ്ഡലത്തിൽ ആദിവാസികളുടെ സാന്നിധ്യവും ഇടപെടലുകളും ഇനിയും 'അംഗീകരിക്കപ്പെടാത്ത'സ്ഥിതി തുടരുമ്പോൾ കരിയനെ പോലുള്ളവരെ ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ടത് നമ്മുടെ സാംസ്കാരിക മേഖലയുടെ അനിവാര്യതയാണ്. കീഴാള-ആദിവാസി കലാ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട പേരാണ് അദ്ദേഹത്തിന്റേത്. കരിയൻ അടുത്തറിഞ്ഞ നക്സൽ രാഷ്ട്രീയത്തിന്റെ ശരി-തെറ്റുകളും ഗദ്ദിക എന്ന ആദിവാസി മന്ത്രവാദ-അനുഷ്ഠാന കലയുടെ സാംസ്കാരിക-ഗോത്ര ഉള്ളടക്കങ്ങളും അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

### റാവുള/അടിയ വിഭാഗം

ആദിവാസികളിലെ റാവുള/അടിയ ഗോത്രമാണ് കരിയന്റേത്. വയനാടിന്റെ വിവിധ ഭാഗങ്ങളിൽ ഈ ഗോത്രം താമസിക്കുന്നുണ്ട്. തിരുനെല്ലി, തൃശിലേരി, ബാവലി, പുൽപ്പള്ളിക്കടുത്ത ചില പ്രദേശങ്ങൾ, പനമരം ഭാഗം, ഒണ്ടയങ്ങാടി തുടങ്ങിയ പ്രദേശങ്ങളിലാണ് അവർ പ്രധാനമായും ഉള്ളത്. കർണാടകയിലെ കുടകിൽ നിന്നാണ് അവർ വയനാട്ടിലെത്തിയത് എന്നു കരുതുന്നു. കുടകിൽ റാവുള എന്നാണ് ഈ വിഭാഗം അറിയപ്പെട്ടിരുന്നത്. വയനാട്ടിൽ വന്ന് ജന്മിമാരുടെ അടിമകളായി കഴിഞ്ഞതിനു ശേഷമാണ് ഇവർക്ക് അടിയാൻ എന്ന പേര് വന്നത്. പക്ഷേ, ഇവർക്കിടയിൽ ഇപ്പോഴും പരസ്പരം അഭി

സംബോധന ചെയ്യാൻ ഉപയോഗിക്കുന്ന വാക്ക് റാവുള എന്നു തന്നെയാണ്. അടിയർ എന്നത് ജന്മികൾ ചാർത്തിയതാണെന്നും അങ്ങനെ അറിയപ്പെടാൻ തങ്ങൾ ഇഷ്ടപ്പെടുന്നില്ലെന്നും റാവുള എന്നാണ് തങ്ങളുടെ വിഭാഗത്തിന്റെ പേരെന്നും പി.കെ. കരിയൻ പറയാറുണ്ട്. 1977-ൽ കേരള നിയമസഭ അടിമപ്പണി റദ്ദാക്കൽ നിയമം പാസാക്കിയതോടെയാണ് റാവുള/അടിയ വിഭാഗത്തിന് അടിമത്തത്തിൽ നിന്നു മോചനം ലഭിച്ചത്.

## വർഗീസിന്റെ സഖാവും ജയിൽ ജീവിതവും

ജന്മിത്വത്തിന്റെ ചൂഷണത്തിലും ഫ്യൂഡൽ വ്യവസ്ഥിതിയുടെ തേർവാഴ്ചയിലും ആദിവാസി-ദളിത് വിഭാഗങ്ങൾ ദുരിതമനുഭവിച്ചിരുന്ന എഴുപതുകളിലായിരുന്നു കരിയന്റെ സ്കൂൾപഠനം. ആ സമയത്താണ് വർഗീസ് എന്ന ചെറുപ്പക്കാരൻ ബദൽ രാഷ്ട്രീയത്തിന്റെ തീക്ഷ്ണതയും വഹിച്ച് കണ്ണൂരിൽ നിന്ന് വയനാട്ടിലെത്തുന്നത്. അദ്ദേഹം ഭൂപ്രഭുക്കൾ ഭരിച്ചിരുന്ന വയനാട്ടിലെ ഊരുകളിൽ ചെന്ന് ആദിവാസികളെ സംഘടിപ്പിച്ചു. 1967-ൽ നടന്ന 'കൂലി' സമരത്തോടെ വർഗീസ് ആദിവാസികൾക്കിടയിൽ സ്വീകാര്യനായി. ഇന്ത്യയിലെ പലഭാഗങ്ങളിലും നക്സൽബാരി പ്രസ്ഥാനത്തിന്റെ ആവേശം കത്തിപ്പടരുന്ന ആ ഘട്ടത്തിൽ, വർഗീസും സായുധസമരത്തിന്റെ വഴി തിരഞ്ഞെടുത്തു. 1968-ൽ തലശ്ശേരി, പുൽപ്പള്ളി സ്റ്റേഷൻ നക്സലൈറ്റുകൾ ആക്രമിച്ചു. ഇക്കാലത്ത് പി.കെ. കരിയൻ കൽപ്പറ്റ എസ്.കെ.എം.ജെ. സ്കൂളിൽ പഠിക്കുകയായിരുന്നു. സ്കൂളിനടുത്ത ഗാന്ധിസദൻ ഹോസ്റ്റലിൽ താമസിച്ചായിരുന്നു പഠനം. ഒരു ക്രിസ്തുമസ് അവധിക്കാലത്ത് കരിയൻ വീട്ടിൽ വന്നപ്പോഴാണ് ആദ്യമായി വർഗീസിനെ കാണുന്നത്; 1969-ൽ. ആ ദിവസം വർഗീസിന്റെ കൂടെയാണ് അന്തിയുറങ്ങിയത്. നാട്ടുകാർക്കെന്നപോലെ കരിയനും വർഗീസിനോട് വലിയ ആരാധന തോന്നി.

തൃശിലേരിയിലെ ഭൂപ്രഭുക്കളും ക്രൂരന്മാരായ ജന്മികളുമായിരുന്ന വാസുദേവ അഡിഗ, തിരുനെല്ലി ചേക്ക എന്നിവരെ 1970 ഫെബ്രുവരി 9-ന് വർഗീസിന്റെ നേതൃത്വത്തിൽ വധിച്ചു. തിരുനെല്ലി-തൃശിലേരി സായുധകലാപം എന്ന പേരിൽ കേരളത്തിലെ നക്സൽപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അറിയപ്പെടുന്ന പ്രസ്തുത സംഭവം നടക്കുമ്പോൾ കരിയൻ ഒൻപതാം ക്ലാസിൽ പഠിക്കുകയായിരുന്നു. വർഗീസ് ഇവിടെയൊക്കെയുണ്ട്, നിങ്ങളെയെല്ലാം കൊല്ലുമെന്ന് പൊതു സ്ഥലങ്ങളിലെ അവഹേളനങ്ങൾക്കും ചൂഷണങ്ങൾക്കുമിടയിൽ ജന്മിമാരെ കാണുമ്പോൾ കരിയൻ ആത്മവിശ്വാസത്തോടെ പറയാറുണ്ടായിരുന്നു. അഡിഗയുടെ മൃതദേഹം കാണാൻ കരിയനും പോയി. ജന്മിയുടെ മരണത്തിൽ ഒട്ടും ദുഖം തോന്നിയില്ല. ഈ സംഭവത്തിന്റെ പേരിൽ വിദ്യാർഥിയായ കരിയനെയും പോലീസ് അറസ്റ്റ് ചെയ്തു. തന്റെ അമ്മാവനായ പി.കെ. കാളനടക്കം 32 പേരാണ് പ്രസ്തുത സംഭവത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടത്. അഞ്ചു വർഷത്തെ വിചാരണയ്ക്കുശേഷം 1975-ൽ കരിയനടക്കം എല്ലാവരെയും വെറുതെ വിട്ടു. അടിയന്തരാവസ്ഥക്കാലമായതിനാൽ മിസ ഉപയോഗിച്ച് വീണ്ടും രണ്ടു വർഷം കരിയനെയും സഹപ്രവർത്തകരെയും തടവിലാക്കി. 1977-ൽ ജയിൽ മോചിതനായ ശേഷം, ജന്മനാട്ടിൽ തിരിച്ചെത്തി രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമായി. 2001-ൽ സ്വന്തം വാർഡിൽ ഇടതുപക്ഷ സ്ഥാനാർഥിയായി മത്സരിച്ച് പഞ്ചായത്ത് മെമ്പറാകുകയും ചെയ്തു. പിന്നീട് സജീവ രാഷ്ട്രീയത്തിൽ നിന്നു മാറി, പി.കെ കാളനൊപ്പം ഗദ്ദികയുടെ പ്രചാരണത്തിൽ പങ്കാളിയായി. കാളന്റെ മരണ ശേഷം ഗോത്ര തലവനും ഗദ്ദികയുടെ ആചാര്യനുമായി. റാവുള/അടിയ വിഭാഗം മരുമക്കത്തായം പിന്തുടരുന്നത് കൊണ്ടാണ് കാളന്റെ പെങ്ങളുടെ മകനായ കരിയൻ ഗോത്രനേതൃപദവിയിലേക്ക് എത്തിയത്.

ഒൻപതാം ക്ലാസിൽവച്ച് പഠനം അവസാനിപ്പിക്കേണ്ടി വന്ന കരിയന് തുടർ വിദ്യാഭ്യാസവും പൊതുജ്ഞാനവും ലഭിച്ചത് ഏഴുവർഷത്തെ ജയിൽ ജീവിതത്തിൽ നിന്നായിരുന്നു. വായനയുടെ വ്യത്യസ്ത അനുഭവങ്ങളിലൂടെ കടന്നുപോകാൻ സഹതടവുകാരുടെ സഹായത്തോടെ കഴിഞ്ഞു. മാർക്സിയൻ തത്വശാസ്ത്രവും 'മൂലധന'വുമെല്ലാം സവിസ്തരം മനസ്സിലാക്കിയും ദിനപത്രം അരിച്ചുപെറുക്കി വായിച്ചും ജയിൽ ജീവിതം സമ്പന്നമാക്കി.

ജനങ്ങളില്ലാതെ ജനകീയ സമരങ്ങളില്ലെന്നും ഉന്മൂലന സിദ്ധാന്തത്തിന് ഇനി ഒന്നും ചെയ്യാനില്ലെന്നുമുള്ള തിരിച്ചറിവിന്റെ ഘട്ടം കൂടിയായിരുന്നു, കരിയന് ജയിൽ കാലം. സായുധവിപ്ലവത്തിനു പകരം ജനങ്ങൾക്കിടയിൽ ഇറങ്ങിച്ചെന്ന് പ്രവർത്തിച്ചാണ് ജനാധിപത്യത്തിൽ കരുത്ത് തെളിയിക്കേണ്ടതെന്ന ബോധ്യം തന്റെ പിൽക്കാല ജീവിതത്തെ രൂപപ്പെടുത്തി.

## ഗദ്ദികയുടെ പ്രചാരകൻ

ദുഷ്ടാത്മാക്കളുടെ ബാധകളിൽ നിന്നും രോഗപീഡകളിൽ നിന്നും മോചനം നേടുന്നതിനായി റാവുള/അടിയ ഗോത്രവിഭാഗം നടത്തിപ്പോരുന്ന ഒരു മന്ത്രവാദ അനുഷ്ഠാന കലയാണ് ഗദ്ദിക. ഗദ്ദിക എന്ന വാക്കിന് റാവുള/അടിയ ഗോത്രഭാഷയിൽ ശാന്തി എന്നാണ് അർഥം. സ്ത്രീകൾക്ക് സുഖപ്രസവം നടക്കാനും ആളുകൾക്കുണ്ടാവുന്ന രോഗങ്ങൾ മാറാനും ഗദ്ദികയിലൂടെ കഴിയും എന്ന് അവർ വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. മറ്റൊരു ചികിത്സയും സ്വീകരിക്കാതെ ഗദ്ദികയിലൂടെ തന്നെ തങ്ങളുടെ രോഗം മാറുമെന്നും നാട്ടിലും കുടുംബത്തിലും ഐശ്വര്യം ഉണ്ടാകുമെന്നും വിശ്വസിച്ചിരുന്ന കാലം. ക്രമേണ, രോഗം വന്നാൽ വൈദ്യചികിത്സയെ റാവുളർ/അടിയർ ആശ്രയിച്ചു തുടങ്ങിയെങ്കിലും ഗദ്ദികയോടുള്ള താൽപ്പര്യം ഇപ്പോഴും കൈവിട്ടിട്ടില്ല. ഒരു അനുഷ്ഠാന മന്ത്രവാദ കലയായി ഇപ്പോഴും ഗദ്ദികയ്ക്കു റാവുളർ/അടിയർക്കിടയിൽ പ്രസക്തിയും പ്രചാരവുമുണ്ട്.

ദുഷ്ടാത്മാക്കളുടെ ബാധകളിൽ നിന്നും രോഗപീഡകളിൽ നിന്നും മോചനം നേടുന്നതിനായി റാവുള/അടിയ ഗോത്രവിഭാഗം നടത്തിപ്പോരുന്ന ഒരു മന്ത്രവാദ അനുഷ്ഠാന കലയാണ് ഗദ്ദിക. ഗദ്ദിക എന്ന വാക്കിന് റാവുള/അടിയ ഗോത്രഭാഷയിൽ ശാന്തി എന്നാണ് അർഥം.

ഗദ്ദിക മൂന്നു വിധമാണുള്ളത്. രോഗം വന്നാൽ നടത്തുന്ന ഗദ്ദികയാണ് ഒന്നാമത്തെത്. രോഗിയുടെ വീട്ടിൽവച്ച് രാത്രിയാണ് ഇത് നടത്തുക. മുറത്തിൽ ഒരു നാഴി അരിയും ഒരു തേങ്ങയും വയ്ക്കും. എണ്ണയിൽ തീയും കത്തിച്ചു വയ്ക്കും. തുടി, ചിലങ്ക എന്നിവയാണ് വാദ്യോപകരണങ്ങൾ.

ആദിവാസി കുടിലുകളിൽ നിന്നും ഗോത്ര വൃത്തത്തിൽ നിന്നും ഗദ്ദിക എന്ന ആദിവാസി മാന്ത്രികാനുഷ്ഠാന കലയെ ജനകീയ കലാരൂപമാക്കി, ഇന്ന് കാണുന്ന രീതിയിലാക്കി മാറ്റുന്നത് പി.കെ. കാളൻ എന്ന ആദിവാസി നവോത്ഥാന നായകനാണ്. കേരള ഫോക്‌ലോർ അക്കാദമി ചെയർമാൻ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ച പി.കെ. കാളൻ ഗദ്ദികയെ ഇന്ത്യയിലെ വിവിധ വേദികളിൽ അവതരിപ്പിച്ച് അതിനെ പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു. 1984-ൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിലാണ് ഗദ്ദിക ആദ്യമായി വയനാടിനു പുറത്ത് പൊതുവേദിയിൽ ശ്രദ്ധേയമായി അവതരിപ്പിക്കുന്നത്. പി.കെ. കാളന്റെ നേതൃത്വത്തിലായിരുന്നു അവതരണം. 35 വർഷം ജന്മിമാരുടെ അടിമയായി കഴിഞ്ഞ പി.കെ. കാളൻ, ആദിവാസികൾ അനുഭവിക്കുന്ന സാമൂഹിക പ്രതിസന്ധികൾക്കു പരിഹാരമുണ്ടാകണമെന്ന് ആഗ്രഹിക്കുകയും അതിനു വേണ്ടി പ്രയത്നിക്കുകയും ചെയ്തു. രോഗം വന്ന് മരിക്കാറായാലും വൈദ്യ ചികിത്സയ്ക്ക് പോകാതെ ഗദ്ദികയിൽ മാത്രം വിശ്വസിച്ച് കഴിഞ്ഞിരുന്ന ജനതയോട്, ഗദ്ദിക കൊണ്ട് രോഗം മാറില്ലെന്നും വൈദ്യസഹായം നിർബന്ധമാണെന്നും ഓർമപ്പെടുത്തിയത് കാളനായിരുന്നു. ഈ പ്രബോധനത്തിന്റെ ഒരു മാറ്റം ഇന്ന് അവർക്കിടയിൽ കാണാനാകും.

കാളന്റെ കൂടെ ഗദ്ദികയുടെ പ്രചാരണത്തിനു വേണ്ടി സജീവമായി പ്രവർത്തിക്കുകയും അദ്ദേഹത്തിന്റെ മരണശേഷം അതിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു പി.കെ. കരിയൻ. തൃശ്ശിലേരിയിൽ പ്രവർത്തിക്കുന്ന പി.കെ. കാളൻ സ്മാരക ഗോത്ര കലാപഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് അവതരണം. നിലവിൽ ഈ സംഘം മാത്രമേ ഗദ്ദിക അവതരിപ്പിക്കുന്നവരുള്ളൂ എന്നാണ് അറിയാൻ കഴിയുന്നത്.

### മൂന്നു തരം ഗദ്ദിക

ഗദ്ദിക മൂന്നു വിധമാണുള്ളത്. രോഗം വന്നാൽ നടത്തുന്ന ഗദ്ദികയാണ് ഒന്നാമത്തെത്. രോഗിയുടെ വീട്ടിൽവച്ച് രാത്രിയാണ് ഇത് നടത്തുക. മുറത്തിൽ ഒരു നാഴി അരിയും ഒരു തേങ്ങയും വയ്ക്കും. എണ്ണയിൽ തീയും കത്തിച്ചു വയ്ക്കും. തുടി, ചിലങ്ക എന്നിവയാണ് വാദ്യോപകരണങ്ങൾ. ഗദ്ദിക നടത്തുന്ന ആളെ തമ്മാടി എന്നാണ് പറയുക. തമ്മാടി തുടി കൊട്ടി തുടങ്ങും. ആദ്യം ശിവനെ വിളിക്കും. ശിവന്റെ സമ്മതം വാങ്ങിയതിനു ശേഷം മരിച്ചുപോയ കാരണവന്മാരെയൊക്കെ വിളിച്ചു പ്രാർഥിക്കും.

"സ്വാനിനോലകാളോ
അയ്യാനെ സ്വാനിനോലകാളോ
മെർളോക ദല്ലി സ്വാനിനോലകാളോ
കീർളുളോക്ക ദല്ലി ഉരുകള..."

ദേവി ദേവൻമാരുടെയൊക്കെ പേര് വിളിച്ചതിനു ശേഷം തമ്മാടി ഉറഞ്ഞു തുള്ളാൻ തുടങ്ങും. രോഗം എന്തുകൊണ്ടാണ് വന്നത് എന്നു പറഞ്ഞ് അതിനു പരിഹാരമായി ഗദ്ദിക നടത്തും. ഒന്നാം ഗദ്ദിക രോഗം എന്തു കൊണ്ടാണ് വന്നത് എന്ന് അറിയാനും രോഗം മാറാനുമുള്ളതാണ്. നേരം വെളുക്കുന്നതു വരെയാണ് ഗദ്ദിക നടക്കുക. പ്രതിഫലമായി ഒന്നും കിട്ടില്ല. ചോദിക്കാനും പാടില്ല. വീട്ടുകാർ ഭക്ഷണം എന്തെങ്കിലും മനസറിഞ്ഞു തന്നാൽ കഴിക്കാം.

രണ്ട്-പൂജ ഗദ്ദിക. രോഗം മാറിയാൽ വീട്ടിൽ നടക്കുന്ന ഗദ്ദികയാണ് പൂജ ഗദ്ദിക. അരി, മുത്താരി, നെല്ല്, നാലു നാളികേരം, അവില്, മലര്, ഒരു ചുവന്ന പട്ട്, ഒരു പൂവൻകോഴി എന്നിവ പൂജ ഗദ്ദികയ്ക്ക് ആവശ്യമാണ്. 12 പേരെങ്കിലും പൂജ ഗദ്ദിക നടത്താൻ വേണം. തുടിയും ചിലങ്കയുമാണ് വേണ്ടുന്ന വാദ്യോപകരണങ്ങൾ. ഒരു രാത്രി മുഴുവൻ പൂജ ഗദ്ദിക നടക്കുന്നു. പിറ്റേന്നു രാവിലെ, ചുണ്ണാമ്പും മഞ്ഞളും കലക്കിയ വെള്ളത്തിനു മുകളിൽ ഒരു ഇല വയ്ക്കുകയും അതിൽ ഏഴു തിരികൾ കത്തിച്ചു വയ്ക്കുകയും ചെയ്യും. ഇത് രോഗം മാറിയ ആൾ തൊട്ടടുത്ത പാല മരത്തിന്റെയോ പ്ലാവിന്റെയോ ചുവട്ടിൽ കൊണ്ടുപോയി വയ്ക്കും. അവിടെ വച്ച് ഗദ്ദികക്കാർ കോഴിയെ കൊണ്ട് രോഗം മാറിയ ആളെ ഉഴിയും. കോഴിയെ അവിടെ വച്ചു തന്നെ അറുക്കുകയും അതിന്റെ രക്തം ചുണ്ണാമ്പും മഞ്ഞളും കലക്കിയ വെള്ളത്തിൽ ഇറ്റിക്കുകയും ചെയ്യും. രോഗം മാറിയ ആളെ തിരിച്ചു നിർത്തി വീട്ടിലേക്ക് പറഞ്ഞയക്കുകയും ചെയ്യും. ഇതാണ് പൂജ ഗദ്ദിക.

മൂന്ന്-നാട്ടു ഗദ്ദിക. നാടിന്റെ ഐശ്വര്യത്തിനും രോഗമുക്തിക്കും വേണ്ടി അവതരിപ്പിക്കുന്നതു കൊണ്ടാണ് ഇതിനു നാട്ടുഗദ്ദിക എന്ന പേരു വന്നത്. വർഷത്തിൽ ഒരു പ്രാവശ്യം മാത്രമാണ് ഇത് നടക്കുക. കൊട്ടിയൂർ ഉത്സവം കഴിഞ്ഞുള്ള ആദ്യത്തെ ചൊവ്വാഴ്ചയോ വെള്ളിയാഴ്ചയോ ആണ് നാട്ടുഗദ്ദിക നടക്കുക. ഗദ്ദിക തുടങ്ങുന്നതിന്റെ ഏഴു ദിവസം മുമ്പ്, അവതരിപ്പിക്കുന്നവർ വ്രതം എടുക്കണം. ഇറച്ചിയും മീനും കഴിക്കാം. ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ പാടില്ല. ഇതാണ് വ്രതത്തിന്റെ രീതി. വ്രതത്തിന്റെ ആറാം ദിവസം രാത്രിയിൽ, അതായത് ചടങ്ങിന്റെ തലേദിവസം, ഗദ്ദിക അവതരിപ്പിക്കുന്നവരെല്ലാം ചേക്കോട്ട് എന്ന സ്ഥലത്ത് ഒരുമിച്ചു കൂടും. രാത്രിയിൽ അവിടെ കൂടി ദേവീദേവൻമാരെ വിളിച്ച് പാട്ടുപാടി പ്രാർഥിക്കും. ചടങ്ങുകളിൽ സാധാരണ ദേവീദേവൻമാരെ വിളിച്ച് ശേഷം തിരിച്ച് അവരെ കൊണ്ടാക്കാറാണ് പതിവ്. എന്നാൽ ഈ ദിവസം അങ്ങനെയല്ല. അവരെ പാട്ടിലൂടെ വിളിച്ചു വരുത്തി അവിടെ തന്നെ നിർത്തും. രാവിലെ എല്ലാവരും വീടുകളിലേക്ക് വന്ന് നാട്ടുഗദ്ദികയ്ക്ക് വേണ്ടുന്ന സാധനങ്ങളെല്ലാം എടുത്ത് കൊട്ടുകളം എന്ന സ്ഥലത്തേക്ക് പോകും. ഐശ്വര്യം തരികയും രോഗം മാറ്റിത്തരികയും ചെയ്യുന്ന മാരിയമ്മ എന്ന ദേവിയുടെ കാവാണ് കൊട്ടുകളത്തുള്ളത്. പോകുമ്പോൾ എല്ലാവരുടെയും കയ്യിൽ മാരിയമ്മയുടെ ആയുധമായ ചൂരലുണ്ടാകും. ധരിക്കേണ്ടുന്ന സ്ത്രീവേഷവും കരുതിയിട്ടുണ്ടാകും. കൊട്ടുകളത്ത് ഒരു ഗുഹയുണ്ട്. അതിനകത്താണ് മാരിയമ്മ എന്നാണ്

വിശ്വാസം. അവിടെ എത്തിയ ഉടനെ ആദ്യം ഒരു ചെറിയ പൂജ നടത്തും. ശേഷം എല്ലാവരും സ്ത്രീ വേഷം ധരിക്കും. ചുരുങ്ങിയത് 12 പേരെങ്കിലും സംഘത്തിലുണ്ടാകും. സാരിയാണ് ധരിക്കേണ്ടത്. തലയിൽ ചുവപ്പ് മുണ്ട് കെട്ടുകയും വേണം. കമ്മലും വളയും ധരിക്കണം. കണ്ണെഴുതണം. കുങ്കുമപ്പൊട്ട് തൊടണം. കാലിൽ ചിലങ്കയും ഉണ്ടാകും. തുടിയും ചീനിയും ഉണ്ടാകും. ചീനി നാട്ടുഗദ്ദികയ്ക്ക് മാത്രമേ ഉപയോഗിക്കൂ. ഗുഹയ്ക്ക് മുമ്പിൽ ചെന്ന് മാരിയമ്മയെ നാട്ടു കാണാൻ വിളിക്കും. കൊട്ടിയൂരിൽ നിന്ന് ഭൂതങ്ങൾ നാട്ടിലേക്ക് വന്നിട്ടുണ്ടെന്നും ആ ഭൂതങ്ങളെ നാട്ടിൽ നിന്നകറ്റി ഐശ്വര്യം പ്രധാനം ചെയ്യണമെന്നുമാണ് മാരിയമ്മയോട് അവർ അഭ്യർഥിക്കുന്നത്. അവിടെ നിന്ന് എല്ലാവരും ഉറഞ്ഞുതുള്ളും. ഉറഞ്ഞു തുള്ളാൻ തുടങ്ങുന്നതോടെ മാരിയമ്മ നാട്ടുകാണാൻ പുറപ്പെട്ടു എന്നാണ് വിശ്വാസം. വാഴയുടെ തടികൊണ്ടുണ്ടാക്കിയ അമ്പലം ഒരാൾ തലയിൽ ചുമക്കും. എല്ലാവരും കാവിനടുത്തുള്ള മാരാരുടെ വീട്ടിൽ ചെല്ലും. മാരാരുടെ വീടിനു മുമ്പിൽ നിറപറയും നിലവിളക്കും വച്ചിട്ടുണ്ടാകും. മാരിയമ്മയുടെ വേഷം കെട്ടിയ ഒരു ഗദ്ദികക്കാരൻ മാരാരുടെ വീടിന്റെ അകത്തേക്ക് ചെല്ലും. ഒരു കട്ട നെല്ല് അയാൾ തലയിൽ അകത്തുനിന്ന് കൊണ്ടുവരും. പിന്നീട് പാട്ടുംപാടി തുടിയും കൊട്ടി നാട്ടുമുഴുവൻ കറങ്ങും. തുടർച്ചയായി ഏഴു ദിവസം പ്രദേശത്തെ ജാതിമത ഭേദമന്യേയുള്ള എല്ലാ വീട്ടുകളിലും കയറി ഇറങ്ങും. ഓരോ വീട്ടുകാരും ഗദ്ദികസംഘത്തിന് സംഭാവനകൾ നൽകും. ഏഴാമത്തെ ദിവസം അണമല എന്ന സ്ഥലത്ത് ചെന്ന് ചടങ്ങുകൾ അവസാനിപ്പിക്കും. അവിടെ മൂപ്പന്റെ അടുത്ത് ചെന്ന് പൂജ കൊടുക്കുന്നതോടെ നാട്ടുഗദ്ദിക അവസാനിക്കുന്നു.

ഗദ്ദികയുടെ ഐതിഹ്യവും ലക്ഷ്യവുമെല്ലാം അറിഞ്ഞാണ് കരിയന്റെ നേതൃത്വത്തിൽ സംഘം രംഗത്ത് അവതരിപ്പിക്കാറുണ്ടായിരുന്നത്. പ്രാചീന സംസ്കൃതിയുടേതായ സവിശേഷതകൾ സംരക്ഷിച്ചുകൊണ്ടും ഗോത്ര സൂക്ഷ്മതകളുടെ ഉള്ളടക്കം ആധുനികതയോട് സംവദിച്ചു കൊണ്ടും ഒരു ജനതയുടെ അനുഷ്ഠാന കലയെ വേദികളിൽ നിന്ന് വേദികളിലൂടെ അവർ മുന്നോട്ടു കൊണ്ടുപോയി.



*ഗദ്ദിക*

## ഉപസംഹാരം

ആദിവാസി സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും പുതിയകാല പ്രതിനിധാനമാ യിരുന്നു പി.കെ കരിയൻ. അടിയന്തരാവസ്ഥയുടെ ക്ഷുഭിത രാഷ്ട്രീയം നേരിൽ അനുഭവിക്കുകയും നക്സൽ രാഷ്ട്രീയത്തിന്റെ ഉന്മൂലന സിദ്ധാന്തം വഴിയെ തിരിച്ചറിയുകയും ചെയ്ത സാമൂഹിക പ്രവർത്തകൻ, ഗദ്ദികയെന്ന ഗോത്ര കലയെ അവസാനകാലം വരെ ജനകീയതയിൽ ഉറപ്പിച്ചു നിർത്തിയ സാംസ്കാരിക പ്രവർത്തകൻ...അങ്ങനെ പലതുമായി അടയാളപ്പെടുത്തേണ്ട പേരാണ് പി.കെ. കരിയന്റേത്. തങ്ങളുടെ ഭാഷയ്ക്കും സംസ്കാരത്തിനും ഒരു മൂല്യമുണ്ടെന്ന് അക്കാദമിക് സെമിനാറുകളിൽ ചെന്ന് അദ്ദേഹം നിരന്തരം പറഞ്ഞു. ഗോത്രഭാഷക്ക് ലിപിയില്ല. അതു കൊണ്ടുതന്നെ, അത് എവിടെയും രേഖപ്പെടുത്തിയിട്ടില്ല. തങ്ങളുടെ മനസ്സിലാണ് അത് കുറിക്കപ്പെട്ടിരിക്കുന്നത്. പുതിയ തലമുറ സ്വന്തം ഭാഷ സംസാരിക്കാൻ തയാറാകുന്നില്ല എന്ന് അദ്ദേഹം വ്യസനം പറഞ്ഞു. സ്വന്തം വർഗത്തോട് നിർബന്ധമായും സ്വന്തം ഭാഷ സംസാരിക്കണണമെന്ന് നിലപാടെടുത്തു. ആദിവാസി ജനതയിലെ പ്രധാന വിഭാഗമായ റാവുള/അടിയ വിഭാഗത്തിന്റെ സാംസ്കാരിക സ്വത്വത്തെയും പ്രതിനിധാനത്തെയും ഉയർത്തിപ്പിടിച്ചും അതിന് പൊതുചരിത്രത്തിൽ അർഹമായ ഇടം ലഭിക്കാൻ ശ്രമിച്ചും കാലത്തിനനുസരിച്ചുള്ള നവീകരണം ആഗ്രഹിച്ചുമാണ് പി.കെ. കരിയൻ എന്ന കലാകാരൻ കടന്നു പോയത്.

### റഫറൻസ്:


1. പി.കെ. കരിയനുമായി ലേഖകൻ നേരിട്ടു നടത്തിയ സംഭാഷണം/19-10-16, 07-12-16, 08-12-16.
2. എൻ.എസ്. നിസാർ, പി.കെ കരിയനുമായുള്ള അഭിമുഖം, മാധ്യമം ആഴ്ചപ്പതിപ്പ്, 26. നവംബർ.2018.
3. ഡോ. അസീസ് തരുവണ, പി.കെ. കാളൻ ആദിവാസി ജീവിതത്തിന്റെ സമരമുഖം, ചിന്ത പബ്ലിക്കേഷൻസ്, 2012.
4. ഒ.കെ. ജോണി, വയനാട് രേഖകൾ, പാപ്പിയോൺ, 2001.
5. ഡോ.എ.എം. ശ്രീധരൻ, ഫോക്‌ലോർ സമീപനങ്ങളും സാധ്യതകളും മലയാള പഠന ഗവേഷണ കേന്ദ്രം, 2009.



*(വയനാട് ഡബ്ല്യു.എം.ഒ. ആർട്സ് ആന്റ് സയൻസ് കോളെജിലെ അസി. പ്രൊഫസറാണ് ലേഖകൻ- 8606444162)*



പ്രാചീന സംസ്കൃതിയുടേതായ സവിശേഷതകൾ സംരക്ഷിച്ചു കൊണ്ടും ഗോത്ര സൂക്ഷ്മതകളുടെ ഉള്ളടക്കം ആധുനികതയോട് സംവദിച്ചു കൊണ്ടും ഒരു ജനതയുടെ അനുഷ്ഠാന കലയെ വേദികളിൽ നിന്ന് വേദികളിലൂടെ അവർ മുന്നോട്ടു കൊണ്ടുപോയി.